"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - അംഗീകൃത തലശ്ശേരി മാസ്റ്റർ പ്ലാൻ ഭേദഗതി വരുത്തുന്നതിനായി കരട് പ്രസിദ്ധീകരണത്തിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ആർ.ഡി) വകുപ്പ്**

സ.ഉ.(കൈ) നം.119/2025/LSGD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-
1. 29/11/1983 ലെ GO(MS) No. 218/83/LA&SWD സർക്കാർ ഉത്തരവ്.
2. 31/07/2008 ലെ GO(MS) NO. 217/2008/LSGD സർക്കാർ ഉത്തരവ്.
3. 15/02/2022 ലെ GO(MS)No. 25/2022/LSGD സർക്കാർ ഉത്തരവ്.
4. 07/03/2023 ലെ GO(MS) No. 66/2023/LSGD സർക്കാർ ഉത്തരവ്.
5. 17.08.2024 തീയതിയിലെ വാല്യം 13, 2665 ആം നമ്പർ കേരളാ ഗസറ്റ്
6. 09.12.2024 ലെ E3-32639/22 തലശ്ശേരി നഗര സഭ സെക്രട്ടറിയുടെ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം തലശ്ശേരി മാസ്റ്റർ പ്ലാനിന് സർക്കാർ അംഗീകാരം നൽകുകയും, പിന്നീട് പരാമർശം (2) പ്രകാരം മാസ്റ്റർ പ്ലാൻ വ്യതിയാനം വരുത്തി സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അതിനു ശേഷം പരാമർശം (3), പരാമർശം(4) എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ ഭാഗിക വ്യതിയാനം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്.

2. തലശ്ശേരി നഗരത്തിനായുള്ള ഡെവലപ്മെന്റ് പ്ലാൻ ഫോർ ടെല്ലിച്ചേരി ടൗൺവേരിയേഷൻ 2007, കേരള ടൗൺ & കൺട്രി പ്ലാനിംഗ് ആക്ട് 2016 ലെ 50(2) വകുപ്പ് പ്രകാരം വ്യതിയാനം വരുത്തുന്നതിന് തലശ്ശേരി നഗരസഭ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം ഫാറം II ൽ പരാമർശം (5) പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതും, ഇത് സംബന്ധിച്ച നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. തലശ്ശേരി നഗരത്തിനായുള്ള മാസ്റ്റർ പ്ലാൻ വ്യതിയാനം വരുത്തുന്നത് സംബന്ധിച്ച് രൂപീകൃതമായ മാസ്റ്റർ പ്ലാൻ കമ്മിറ്റിയുടെ ശിപാർശകൾ തലശ്ശേരി നഗരസഭാ കൗൺസിൽ അംഗീകരിച്ച്, പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (6) പ്രകാരം ഉചിതമാർഗ്ഗേന സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നു.

3. തലശ്ശേരി പട്ടണത്തിനായുള്ള അംഗീകൃത മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനത്തിന്, ആയത് അംഗീകരിക്കുവാനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം, കണ്ണൂർ ജില്ലാ നഗരാസൂത്രകന്റെ ശിപാർശ എന്നിവ പരിഗണിച്ച് കൊണ്ട് കേരള നഗരഗ്രാമാസൂത്രണ ആക്ട്, 2016-ന്റെ വകുപ്പ് 36(3), കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021 -ലെ ചട്ടം 16(8), നിർദേശ പ്രകാരം മാറ്റം വരുത്തിയ പൊതുനിർദേശങ്ങളിലെ 12-ാം ഖണ്ഡിക, എന്നിവ പ്രകാരം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ് എന്ന് ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലശ്ശേരി പട്ടണത്തിനായുള്ള അംഗീകൃത മാസ്റ്റർ പ്ലാനിന്റെ കരട് വ്യതിയാനത്തിന് ചീഫ് ടൗൺ പ്ലാനർ ശിപാർശ ചെയ്ത നിബന്ധന കൂടി ഉൾപ്പെടുത്തിക്കൊണ്ട് കേരള നഗരഗ്രാമാസൂത്രണ ആക്ട് 2016 ന്റെ വകുപ്പ് 36(3), കേരള നഗരഗ്രാമാസൂത്രണ (മാസ്റ്റർപ്ലാനിന്റെ രൂപീകരണവും അനുമതി നൽകലും) ചട്ടങ്ങൾ, 2021 - ലെ ചട്ടം 16(8) എന്നിവ പ്രകാരം പ്രസിദ്ധീകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്.
ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്), തിരുവനന്തപുരം
ജില്ലാ ടൗൺ പ്ലാനർ, കണ്ണൂർ
സെക്രട്ടറി, തലശ്ശേരി നഗരസഭ
വിവര പൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി ( LSGD-RD2/63/2025-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 16-07-2025 10:59:41